പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4531

17.12.2014 -ലെ മറുപടിക്ക്

രാഷ്ട്രീയ സ്വാസ്ഥിയ സുരക്ഷാ യോജന

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി.രവീന്ദ്രനാഥ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) രാഷ്ട്രീയ സ്വാസ്ഥിയ സുരക്ഷാ യോജന (RSBY) പദ്ധതിയിൻ കീഴിലുള്ള ചിസ്സ് എന്ന പദ്ധതിയിലൂടെ ഏതൊക്കെ വിഭാഗങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വിശദമാക്കാമോ ? | രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതിയുടെ (ആർഎസ്ബിവൈ) കീഴിൽ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ബി.പി.എൽ കുടുംബങ്ങൾക്കാണ് ചികിത്സാ ധനസഹായം നല്കി വരുന്നത്. ചിസ് എന്ന പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്ന വിഭാഗങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(എ) റേഷൻ കാർഡിൽ 600/- രൂപയോ അതിൽ കുറവോ പ്രതിമാസ വരുമാനമുള്ളവർ

(ബി) പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യതൊഴിലാളി കുടുംബങ്ങൾ

(സി) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/ പെൻഷൻകാർ ഉൾപെടുന്ന കുടുംബങ്ങൾ

1. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്.
2. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്.
3. കയർ/കൈത്തറി/തയ്യൽ/ബീഡി/ഈറ്റ-പനമ്പ്,കാട്ടുവള്ളി,ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്.
4. കേരള ലോട്ടറി ഏജൻസ് ആന്റ് സെല്ലേഴ്സ് ക്ഷേമനിധി ബോർഡ്.

(ഡി) താഴെപ്പറയുന്ന ക്ഷേമ പദ്ധതികളിലെ അംഗങ്ങൾ/പെൻഷൻകാർ ഉൾപെടുന്ന കുടുംബങ്ങൾ

1. അലക്ക്/ബാർബർ/ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി.
2. കൈത്തൊഴിലാളി / വിദഗ്ദ്ധത്തൊഴിലാളി ക്ഷേമ പദ്ധതി.

(ഇ) താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളിൽ നിന്നും പെൻഷൻ വാങ്ങുന്നവർ

1. കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്
3. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. ചുമട്ടുത്തൊഴിലാളി ക്ഷേമനിധി ബോർഡ്.

(എഫ്) മറ്റ് വിഭാഗങ്ങൾ

1. ആശ്രയ കുടുംബങ്ങൾ
2. അംഗനവാടിത്തൊഴിലാളികൾ / സഹായികൾ
3. എൻഡൊസൾഫാൻ ദുരിത ബാധിതർ
4. ആശ വർക്കേഴ്സ്
5. ഷോപ്പ്സ് ആൻഡ് കോമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ / സ്വയം തൊഴിൽ ചെയ്യുന്നവർ
6. കേരള ഓട്ടോമൊബൈൽ ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ
7. കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ
8. മരം കയറ്റത്തൊഴിലാളികൾ
9. കണ്ണൂർ കാന്റോൺമെന്റിലെ പാവപ്പെട്ട കുടുംബങ്ങൾ
10. വികലാംഗർ ഉൾപ്പെട്ട പാവപ്പെട്ട കുടുംബങ്ങൾ
11. 2008 ലെ അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് - പെൻഷൻ ഫണ്ട് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർ
12. സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും വാർധക്യകാല പെൻഷൻ / വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല)
13. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ (റേഷൻ കാർഡോ വരുമാന പരിധിയോ ബാധകമല്ല)

(signature)

സെക്രട്ടറി